പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1814 — 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ ജോലിയിലുണ്ടായിരുന്ന താൽക്കാലികമോ/ അല്ലാത്തവരോ ആയ എത്ര കണ്ടക്ടർമാരെയും ഡ്രൈവർമാരെയും പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യിൽ ജോലിയിലുണ്ടായിരുന്ന 562 സ്ഥിരം ഡ്രൈവർമാരെയും, 762 സ്ഥിരം കണ്ടക്ടർമാരെയും പിരിച്ചു വിട്ടിട്ടുണ്ട്. കൂടാതെ സ്ഥിരപ്പെടുത്തി നിയമനം ലഭിച്ച 55 ഡ്രൈവർമാരെയും, 72 കണ്ടക്ടർമാരെയും ബഹു.സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം റദ്ദ് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ബഹു. ഹൈക്കോടതി ഉത്തരവിൻപ്രകാരം 4071 താൽക്കാലിക കണ്ടക്ടർമാരെയും പിരിച്ചു വിട്ടിട്ടുണ്ട്. |
| (ബി) | ഇവരെ പിരിച്ചുവിടാനോ പിരിച്ചുവിട്ടവരെ തിരിച്ചെടുക്കുന്നതിനോ ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിരുന്നോ; എങ്കിൽ ഈ നിർദ്ദേശപ്രകാരം എത്ര പേരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചു വിടാൻ ബഹു. ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായിരുന്നു. ഇപ്രകാരം 4071 താൽക്കാലിക കണ്ടക്ടർമാരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) | കോടതി നിർദ്ദേശം അല്ലാതെ പിരിച്ചു വിട്ടവരിൽ ആകെ എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടെന്നും അവർ | (സി) | ബഹു.കോടതിയുടെ നിർദ്ദേശമില്ലാതെ ആരെയും പിരിച്ചുവിട്ടിട്ടില്ല. കോടതി ഉത്തരവു പ്രകാരം താൽക്കാലിക |

| | | | |
|---|---|---|---|
| | ആരൊക്കെയാണെന്നും ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ടവരാണെന്നും അറിയിക്കാമോ; | | കണ്ടക്ടർമാർ പിരിച്ചുവിടപ്പെട്ടതുകൊണ്ടും സ്ഥിരം കണ്ടക്ടർമാർ നിയമാനുസൃതമായ അവധിയിൽ പ്രവേശിക്കുമ്പോഴുള്ള സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനായി 5 വർഷം തുടർച്ചയായി സർവ്വീസുള്ള താൽക്കാലിക കണ്ടക്ടർമാരിൽ താല്പര്യമുള്ളവരുടെ സേവനം കെ.എസ്.ആർ.ടി.സി ഉപയോഗിക്കുന്നുണ്ട്. |
| (ഡി) | തിരിച്ചെടുത്ത എത്ര പേർക്ക് ആവശ്യാനുസരണം ജോലി ലഭ്യമാക്കാൻ കെ.എസ്.ആർ.ടി.സി. ക്ക് സാധിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ സർവ്വീസ് ഓപ്പറേഷന്റെ കൃത്യത നിലനിർത്തുന്നതിനായി താൽക്കാലിക ജീവനക്കാരെ നിയോഗിക്കുകയാണ് ചെയ്യുന്നത്. ആയത് ഒരോ ദിവസവും വ്യത്യസ്തമായിരിക്കും എന്നതിനാൽ ആവശ്യാനുസരണം എല്ലാവർക്കും ജോലി ലഭ്യമാക്കാൻ കോർപ്പറേഷന് കഴിയുകയില്ല. ഓരോ യൂണിറ്റിലെയും സർവ്വീസ് ഓപ്പറേഷനെ ആസ്പദമാക്കി ജോലി ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**